**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **02-02-2024 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ ക്യാമറകൾ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കൂടുതലായി കണ്ടെത്തി നടപടികൾ സ്വീകരിക്കുവാനും അത് വഴി റോഡപകടങ്ങളും മരണനിരക്കും പരമാവധി കുറച്ച് കൊണ്ടു വരുന്നതിനും ലക്ഷ്യമിട്ടാണ് നിരത്തുകളിൽ എ.ഐ.ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനു ശേഷവും മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം അപകടങ്ങൾ കൂടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിയമ ലംഘനങ്ങൾ ഗൗരവമായി കണ്ടു കൂടുതൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ ക്യാമറകൾ സ്ഥാപിച്ചതിനു ശേഷവും അപകടങ്ങളിൽ കുറവ് സംഭവിക്കാത്തതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പഠനവിധേയമാക്കിയിട്ടില്ല |

സെക്ഷൻ ഓഫീസർ